**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 20, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## അടിയന്തര പ്രമേയം

### മണ്ണെണ്ണ സബ്സിഡി

മി. സ്പീക്കർ: റേഷൻകാർഡുടമകൾ മണ്ണെണ്ണ കമ്പോളവിലയ്ക്ക് വാങ്ങണമെന്നും സബ്സിഡിക്ക് ദേശസാൽകൃത ബാങ്കുകളിൽ അക്കൗണ്ട് തുറക്കണമെന്നും അറിയിച്ചുകൊണ്ടുള്ള സിവിൽസപ്ലൈസ് ഡയറക്ടറുടെ സർക്കുലർ റേഷൻ കാർഡുടമകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ സംസ്ഥാനത്തെ എൺപതുലക്ഷത്തോളം വരുന്ന കാർഡുടമകൾ മണ്ണെണ്ണയ്ക്ക് കമ്പോളവില നൽകേണ്ടി വരുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി.എസ്. സുനിൽ കുമാർ, ജോസ്

തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : നെയ്യാറ്റിൻകര, കൊച്ചി താലൂക്കുകളിൽ മാത്രമാണ് ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ ഇത് വ്യാപിപ്പിക്കുന്ന തരത്തിൽ സർക്കുലർ വന്നിരുന്നെങ്കിലും അത് ക്യാൻസൽ ചെയ്തിരിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ യാതൊരു കുറവും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് വരുത്തിയിട്ടില്ല. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ മാത്രമേ ഈ പദ്ധതി നടപ്പിലാക്കുകയുള്ളൂ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: നെയ്യാറ്റിൻകര, കൊച്ചി താലൂക്കുകളിൽ പരീക്ഷണാർത്ഥം നടപ്പിലാക്കുന്നു എന്നുപറയുന്ന ഈ പദ്ധതിയുടെ സർക്കുലർ കേരളത്തിന്റെ പല ഭാഗങ്ങളിലുള്ള റേഷൻകടകളിലും ഇതിനകം ഒട്ടിച്ചുകഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശപ്രകാരമാണ് ഇത് നടപ്പാക്കുന്നതെന്നാണ് പറയുന്നത്. സംസ്ഥാനത്തെ റേഷൻ കാർഡുടമകൾ സബ്സിഡിയില്ലാതെ മുഴുവൻ തുകയും കൊടുത്ത് റേഷൻ മണ്ണെണ്ണ വാങ്ങിയിട്ട് സബ്സിഡി കിട്ടുന്നതിനുവേണ്ടി ദേശസാൽകൃത ബാങ്കുകളിൽ അക്കൗണ്ട് തുറന്ന് പാസ്ബുക്കിന്റെ കോപ്പി സഹിതം താലൂക്ക് സപ്ലൈ ഓഫീസിലോ സിറ്റി റേഷനിംഗ് ഓഫീസിലോ കൊടുത്താൽ സബ്സിഡി തുക ബാങ്കിലേക്ക് അടയ്ക്കുമെന്നുള്ള സർക്കുലർ സാധാരണക്കാരായ ആളുകൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ്

തീരുമാനപ്രകാരം മാത്രമേ സബ്സിഡി തുക കിട്ടുകയുള്ളൂ എന്ന പരിമിതി യുമുണ്ട്. ഫലത്തിൽ സബ്സിഡിയുടെ ഒരു ആനുകൂല്യവും കാർഡുടമ കൾക്ക് ലഭിക്കില്ലെന്നു മാത്രമല്ല റേഷൻ സംവിധാനം തകരാനും ഈ സംവിധാനം ഇടയാക്കും. മൽസ്യത്തൊഴിലാളികളും പൊതുവിപണിയിൽ നിന്ന് കൂടിയ വിലകൊടുത്ത് മണ്ണെണ്ണ വാങ്ങേണ്ടിവരുമ്പോൾ അവർക്ക് എങ്ങനെ സബ്സിഡി തുക എത്തിക്കുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നില്ല. ഈ സർക്കുലർ പിൻവലിക്കണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : ഇവിടെ പ്രതിപാദിക്കപ്പെട്ട സർക്കുലർ ക്യാൻസൽ ചെയ്തിട്ടുണ്ട്. നെയ്യാറ്റിൻകരയിലും കൊച്ചിയിലും മാത്രമേ ഇത് നടപ്പാക്കുന്നുള്ളൂ എന്ന് ആവർത്തിച്ച് വ്യക്തമാക്കുകയാണ്. ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതടക്കമുള്ള കാര്യങ്ങളിൽ സാധാരണക്കാരന് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചതിനുശേഷം മാത്രമേ ഇത് പ്രാവർത്തികമാക്കുകയുള്ളൂ. മണ്ണെണ്ണ കരിഞ്ചന്തയിലേയ്ക്ക് പോകുന്നത് തടയുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംവിധാനം കൊണ്ടു വന്നിരിക്കുന്നത്. സബ്സിഡി തുക നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലേക്ക് എത്തിക്കുന്നതിൽ കാലതാമസമുണ്ടാകില്ല. ഗുണഭോക്താവ് മണ്ണെണ്ണ റേഷൻകടകളിൽ നിന്ന് വാങ്ങുന്ന സന്ദർഭത്തിൽത്തന്നെ മുൻകൂറായി സബ്സിഡി തുക ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന അവരുടെ അക്കൗണ്ടിലേക്ക് വരും. സീറോ ബാലൻസ് അക്കൗണ്ടുകൾ തുടങ്ങാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ യാതൊരാശങ്കയും വേണ്ട. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : പ്രസ്തുത വിഷയം സംബന്ധിച്ച് യാതൊരാശങ്കയും വേണ്ട. സബ്സിഡി ആർക്കുവേണ്ടി കൊടുക്കുന്നുവോ അവരുടെ കയ്യിൽ എത്തണമെന്നുള്ള ലക്ഷ്യത്തോടെയാണ് ബാങ്ക് അക്കൗണ്ട് വഴി കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. കർഷകർക്ക് കൊടുക്കുന്ന സബ്സിഡി, ക്ഷേമനിധി പെൻഷനുകൾ, മൽസ്യത്തൊഴിലാളികളുടെ സമാശ്വാസ ഫണ്ട് ഉൾപ്പെടെ അടുത്ത ഏപ്രിൽ മുതൽ ബാങ്ക് അക്കൗണ്ട് വഴി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. രണ്ട് സ്ഥലത്ത് മാത്രം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഈ പദ്ധതി വിജയകരമല്ലെങ്കിൽ തുടർനടപടിയെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

## ശ്രദ്ധക്ഷണിക്കൽ

### (1) ദേശീയ ജലപാത

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ദേശീയ ജലപാത യാഥാർത്ഥ്യമാക്കിയാൽ യാത്രാസൗകര്യം വർദ്ധിപ്പിക്കാനും ചുരുങ്ങിയ ചെലവിൽ ചരക്കുകൾ കടത്താനും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാനും കഴിയും. കൊല്ലം-കോട്ടപ്പുറം ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിച്ചി ട്ടുണ്ട് .കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം എന്നീ ജലപാതകൾ നവീ കരിക്കാനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തണം. 12-ാം ധനകാര്യ കമ്മീഷൻ ജലപാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 225 കോടി രൂപ വകയിരു ത്തിയിട്ടുണ്ട്. കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ കഴിയുന്നതും ധാരാളംപേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുന്നതുമായ ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ദേശീയ ജലപാത പ്രാവർത്തികമാകുന്നതോടുകൂടി ചെലവുകുറച്ച് ചരക്കുഗതാഗതം നടത്താനും റോഡുകളിലെ ഗതാഗതത്തിരക്ക് കുറയ്ക്കാനും ടൂറിസ്റ്റ് സാധ്യതകൾ വിജയകരമായി പ്രയോജനപ്പെടുത്താനും സാധിക്കും. മാർച്ച് 31-നുമുമ്പ് കൊല്ലം-കോട്ടപ്പുറം പാത പ്രായോഗികതലത്തിൽ കൊണ്ടുവരാൻ കഴിയുംവിധം പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കോവളം-കൊല്ലം പാതയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതാണ്. കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ ഉദാരമായി ധനസഹായം ചെയ്യുന്നതിനാൽ ദേശീയ ജലപാത പ്രാവർത്തികമാക്കുന്നതിന് പണത്തിന്റെ പ്രശ്നമില്ല. .കോട്ടപ്പുറം-നീലേശ്വരം ജലപാതയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ജനപ്രതിനിധികളുടെ സഹകരണമുണ്ടാകണം.

### (2) വേടർ വിഭാഗത്തിന്റെ സാമൂഹ്യപ്രശ്നങ്ങൾ

ശ്രീ. വർക്കല കഹാർ: കേരളത്തിൽ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളായ വേടർ പട്ടികജാതി ലിസ്റ്റിലും മലവേടർ പട്ടികവർഗ്ഗ ലിസ്റ്റിലുമാണ് ഉൾപ്പെടുന്നത്. ഇവരുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം നിർബന്ധമാക്കാനും രക്ഷകർത്താക്കളിൽ ബോധവൽക്കരണം നടത്താനും ഇവർക്കായി ഭവന പദ്ധതി ആവിഷ്ക്കരിക്കാനും സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകാനും അവിവാഹിതരായ അമ്മമാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കാനും കോളനികളിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കാനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): പട്ടികജാതി സമൂഹങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടർ സമുദായത്തിൽപ്പെട്ടവർക്ക് വീടും ഭൂമിയും വാങ്ങുന്നതിനുള്ള ധനസഹായം 5 ലക്ഷം രൂപയായും കുട്ടികൾക്കുള്ള സ്റ്റൈപ്പന്റ് 50 രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇവരെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഗൗരവ മായി പരിശോധിക്കുന്നതാണ്. ഇവർക്ക് ശ്മശാനത്തിനാവശ്യമായ ഭൂമി വാങ്ങുന്നതിന് പ്രത്യേക സഹായം നൽകുന്നതാണ്. ബി.പി.എൽ. കുടുംബ ത്തിലുള്ളവർക്കായി 'അമ്മയും കുഞ്ഞും' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങൾക്കായി പ്രത്യേക പാക്കേജ് നടപ്പാക്കുന്നതാണ്.

## സബ്മിഷൻ

### (1) പാലങ്ങളുടെ നിർമ്മാണം

ശ്രീ. എ. എം. ആരിഫ്: പെരുമ്പളം പഞ്ചായത്തിലെ വട്ടവയൽ-പൂന്തോട്ട പാലം, നെടുമ്പ്രക്കാട്-വിളക്കുമരം പാലം എന്നിവയുടെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ചുള്ള ഭരണാനുമതി നൽകി എത്രയുംവേഗം നിർമ്മാണം ആരംഭിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പെരുമ്പളം പഞ്ചായത്തിലെ നെടുമ്പ്രക്കാട്-വിളക്കുമരം പാലം നിർമ്മാണം അപ്രോച്ച് റോഡിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. വട്ടവയൽ-പൂന്തോട്ട പാലം നിർമ്മാണത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതി നൽകുന്നതാണ്.

## (2) മേലൂർക്കടവ് പാലം

ശ്രീ. കെ. കെ. നാരായണൻ: ധർമ്മടം നിയോജകമണ്ഡലത്തിലെ മേലൂർക്കടവ് പാലത്തിന്റെ ഒരു ഭാഗം തകർന്നുവീണ് 5 തൊഴിലാളികൾക്ക് പരിക്കേറ്റതും 20 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതും സംബന്ധിച്ച് പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും നിർമ്മാണ പ്രവർത്തനം തുടരുകയും ചെയ്യണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ധർമ്മടം മേലൂർക്കടവ് പാലത്തിന്റെ ബീമിന്റെ ഒരു ഭാഗം ഇടിഞ്ഞു വീഴാനുണ്ടായ കാരണം കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. തകർന്നുവീണ ഭാഗം കോൺട്രാക്ടറുടെ സ്വന്തം ചെലവിൽ നിർമ്മിച്ചുനൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

## (3) ചിട്ടി വ്യവസായം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: കേന്ദ്ര ചിട്ടി നിയമം നിലവിൽ വരുകയും സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറത്തിറക്കുകയും ചെയ്തതോടെ തൃശ്ശൂർ ജില്ലയിലെ കുറി വ്യവസായരംഗം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ജനപ്രതിനിധികളെയും കുറി ഇടപാടുകാരേയും മറ്റ് ബന്ധപ്പെട്ടവരേയും വിളിച്ച് ചർച്ച ചെയ്യണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): കേന്ദ്ര ചിട്ടി നിയമം നിലവിൽ വന്നതോടെ സംസ്ഥാന സർക്കാർ അതുസംബന്ധിച്ച റൂൾസ് ഫ്രെയിം ചെയ്യുകയുണ്ടായി.

അതിൽ ചില ഭേദഗതികൾ ആവശ്യമാണെന്ന ചിട്ടി ഫണ്ട് ഫോർമെൻമാരുടെ അസോസ്സിയേഷന്റെ ആവശ്യം സംബന്ധിച്ച ടാക്സസ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**(4) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

ശ്രീ. കെ.എൻ.എ. ഖാദർ: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പറമ്പിൽപീടികയിൽ ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബോർഡിന്റെ നോംസനുസരിച്ച് 20,000 മുതൽ 25000 വരെ ഉപഭോക്താക്കളും 100 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണവുമുള്ള സ്ഥലങ്ങളാണ് വിഭജിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച് ഈ പ്രദേശത്ത് സെക്ഷൻ രൂപീകരിക്കുന്നത് നോംസിന് വിരുദ്ധമാണ്. മൂന്നാമതൊരു സെക്ഷന്റെ ഭാഗംകൂടി ഉൾപ്പെടുത്തി പുതിയ സെക്ഷൻ രൂപീകരിക്കണമെന്ന ആവശ്യം പരിശോധിച്ച് വേണ്ടത് ചെയ്യും.

**(5) ജാതി സർട്ടിഫിക്കറ്റ്**

ശ്രീ. എസ്. രാജേന്ദ്രൻ: മറയൂർ, കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിലെ വെള്ളാളർ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, വട്ടവട എന്നീ പഞ്ചായത്തുകളിലെ വെള്ളാളർ ജാതിയെ ഒ.ബി.സി ലിസ്റ്റിൽപ്പെടുത്തി ഗസറ്റ് വിജ്ഞാപനം നടത്തിയിട്ടില്ലെങ്കിലും ഗ്രാമവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്.

### (6) ഐ.എച്ച്.ആർ.ഡി. കോളേജിന് സ്വന്തം കെട്ടിടം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ഗവണ്മെന്റ് കോളേജിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി.-യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പന്തല്ലൂർ വില്ലേജ് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം ഐ.എച്ച്.ആർ.ഡി. കോളേജിനായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കോളേജ് പ്രിൻസിപ്പലിന്റെ നിവേദനത്തിന്മേൽ വില്ലേജ്, റവന്യൂ ഓഫീസ് കോമ്പൗണ്ടുകളോട് ചേർന്നു കിടക്കുന്ന സർക്കാർ ഭൂമി മറ്റാവശ്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ലെന്ന നയപരമായ തീരുമാനം അറിയിച്ചിട്ടുണ്ട്. കോളേജിനായി സർക്കാർ വക ഭൂമി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവരിൽനിന്നും അപേക്ഷ ലഭിക്കുമ്പോൾ പരിശോധിക്കുന്നതാണ്.

### (7) ഡിസ്റ്റിലറി നിർമ്മാണം

ശ്രീ. വി. ചെന്താമരാക്ഷൻ: കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്ന മുതലമട ഗ്രാമപഞ്ചായത്തിലേക്ക് യുണൈറ്റഡ് ഡിസ്റ്റിലറി മാറ്റിസ്ഥാപിക്കാനുള്ള സർക്കാർ ഉത്തരവ് പിൻവലിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കോഴിക്കോട് ജില്ലയിലെ വെങ്ങേലിപ്പാറയിലെ യുണൈറ്റഡ് ഡിസ്റ്റിലറി മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾ പാലിക്കാൻ കഴിയാത്തതിനാൽ മാറ്റിസ്ഥാപിക്കണമെന്ന കമ്പനിയുടെ അപേക്ഷയിന്മേൽ നിയമോപദേശം തേടി എല്ലാ നടപടിക്രമങ്ങളും നിബന്ധന

കളും പാലിച്ചുകൊണ്ടാണ് ഡിസ്റ്റിലറി മുതലമടയിലേക്ക് മാറ്റിസ്ഥാപിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

## (8) സമഗ്ര മത്സ്യവിത്ത് നയം

ശ്രീ. ലൂഡി ലൂയിസ്: ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കാൻ സമഗ്രമായ മത്സ്യവിത്ത് നയം ആവിഷ്ക്കരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മത്സ്യവിത്തുല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി ആർ.കെ.വി.വൈ. ധനസഹായത്തോടെ ഫിഷറീസ് വകുപ്പിന് കീഴിലുള്ള ആറ് ഹാച്ചറികളുടെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിച്ച് ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. മത്സ്യവിത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി പുതിയ ഹാച്ചറികൾ ആരംഭിക്കുന്നതിന് മത്സ്യവിത്തുത്പാദക സംരംഭകർക്കും റെയറിംഗ് ഗ്രൂപ്പുകൾക്കും പ്രൊഡക്ഷൻ ഇൻസെന്റീവ് എർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അന്യ സംസ്ഥാനങ്ങളിൽനിന്നും മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസികൾവഴി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. മത്സ്യക്കുഞ്ഞുങ്ങളുടെ ഉത്പാദനവും വിപണനവും നിയന്ത്രിക്കുക, ഗുണമേന്മ ഉറപ്പാക്കുക, മത്സ്യകൃഷിക്കും ഹാച്ചറികൾക്കും രജിസ്ട്രേഷൻ നൽകുക, സീഡ് സർട്ടിഫിക്കേഷൻ നൽകുക തുടങ്ങിയവയിലൂടെ ഉത്പാദനം വർദ്ധിപ്പിക്കാനും ഉൾനാടൻ മത്സ്യോത്പാദന മേഖലയിൽ ഗുണപരമായ മാറ്റം വരുത്തുവാനും ഫിഷ് സീഡ് സെന്റർ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇത്തരം നടപടികൾക്ക് നിയമപരമായ സംരക്ഷണം ഉറപ്പാ

ക്കുന്നതിനായി സമഗ്രമായ വിത്തുനയത്തിന് രൂപം നൽകാൻ സർക്കാർ ആഗ്രഹിക്കുകയാണ്.

**(9) വ്യാജ സർട്ടിഫിക്കറ്റ് വാങ്ങി ജോലിയിൽ തുടരുന്ന നടപടി**

ശ്രീ. വി.പി. സജീന്ദ്രൻ: വ്യാജ പട്ടികജാതി, പട്ടികവർഗ്ഗ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലിയിൽ പ്രവേശിച്ചവരെ പിരിച്ചുവിടുന്നതിനും ശിക്ഷിക്കുന്നതിനുമുള്ള നിയമനിർമ്മാണം നടത്തുന്നതിനും ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് വിജിലൻസ് കമ്മീഷനെ നിയമിക്കുന്നതിനും ഇവർക്ക് ലഭിച്ച സാമ്പത്തികാനുകൂല്യങ്ങൾ തിരിച്ചുപിടിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന ജാതി സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ജോലി സമ്പാദിക്കുന്നവരുടെ സാക്ഷ്യപത്രങ്ങൾ നിയമാനുസൃതം പരിശോധന നടത്തുന്നത് സമുദായ സാക്ഷ്യപത്ര സൂക്ഷ്മ പരിശോധനാ സമിതിയാണ്. ജാതി സംബന്ധിച്ചുള്ള അവകാശവാദം വ്യാജമാണെന്ന് ഈ സമിതി കണ്ടെത്തിയാൽ അവരെ ജോലിയിൽനിന്ന് പിരിച്ചുവിടുന്നുണ്ട്. ഇത്തരം നടപടിക്ക് വിധേയരാകുന്നവർ കോടതിയെ തെറ്റിദ്ധരിപ്പിച്ച് അനുകൂല വിധി സമ്പാദിക്കുകയും കോടതിവിധി നീക്കിക്കിട്ടുന്നതിലെ കാലതാമസം കാരണം ജോലിയിൽ തുടരുകയും ചെയ്യുന്നതിനെപ്പറ്റി അന്വേഷണം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(10) കാർട്ടൂൺ മ്യൂസിയം സ്ഥാപിക്കണമെന്ന ആവശ്യം**

ശ്രീ. സി.കെ. സദാശിവൻ: കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജന്മനാടായ കായംകുളത്തെ കൃഷ്ണപുരത്ത് നിർമ്മിക്കുന്ന സാംസ്കാരിക മ്യൂസിയത്തിൽ അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിച്ച് കാർട്ടൂൺ മ്യൂസിയമാക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കായംകുളത്തെ കൃഷ്ണപുരം സാംസ്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് കാർട്ടൂണിസ്റ്റ് ശങ്കറിന് ഉചിതമായ സ്മാരകമുണ്ടാക്കാൻ സാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്.

**(11) കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. ജി. സുധാകരൻ: കടലാക്രമണ ഭീഷണി നേരിടുന്ന അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വാടയ്ക്കൽ മുതൽ ആറാട്ടുപുഴ തെക്കേയറ്റം വരെയുള്ള തീരപ്രദേശത്തെയും പുറക്കാട് ഗ്രാമപഞ്ചായത്തിനെയും സംരക്ഷിക്കുന്നതിന് കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുറക്കാട് പഞ്ചായത്തിൽ 150 മീറ്റർ ഇടവിട്ട് പുലിമുട്ടുകൾ നിർമ്മിക്കുന്നതുൾപ്പെടെ 750 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സെൻട്രൽ വാട്ടർ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്ക് നേരിട്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. അമ്പലപ്പുഴ വടക്ക് പഞ്ചായത്തിൽ 225 മീറ്റർ കടൽഭിത്തി പുനരുദ്ധരിക്കുന്നതിന് ലഘുദർഘാസ് ക്ഷണിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ

ഉൾപ്പെടുത്തി അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽ 300 മീറ്റർ കടൽഭിത്തി നിർമ്മിക്കുന്നതിന് ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്.

## (12) കളമശ്ശേരി സഹകരണ ആശുപത്രിയിൽ മൂന്ന് രോഗികൾ മരിക്കാനിടയായ സംഭവം

ശ്രീ. ബെന്നി ബെഹനാൻ: പ്രാണവായു കിട്ടാതെ കൊച്ചിയിലെ കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജിൽ മൂന്ന് രോഗികൾ മരിക്കാനിടയായ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ കൊലപാതകത്തിന് കേസ്സെടുക്കാനും സഹകരണമേഖലയിലെ ഈ ആശുപത്രി സർക്കാർ ഏറ്റെടുക്കാനും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): കളമശ്ശേരി സഹകരണ ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ ചികിത്സയിലിരുന്ന മൂന്ന് രോഗികൾ അസുഖം മൂർച്ഛിച്ചതിനെത്തുടർന്ന് 15-07-2012, 17-07-2012 എന്നീ തീയതികളിൽ മരണമടഞ്ഞെന്നും അവരുടെ രോഗാവസ്ഥ സംബന്ധിച്ച് ബന്ധുക്കൾക്ക് നേരത്തെതന്നെ വിവരം നൽകിയിരുന്നുവെന്നും ചികിത്സാ പിഴവ് സംബന്ധിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ലെന്നുമാണ് പ്രാഥമിക റിപ്പോർട്ട്. പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് പ്രത്യേക സംഘത്തെ നിയോഗിച്ച് സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി യെടുക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഇവിടെ ഉന്നയിച്ച സംഭവത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കും. ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച്

കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്. പരിയാരം മെഡിക്കൽ കോളേജും കൊച്ചി സഹകരണ മെഡിക്കൽ കോളേജും സർക്കാർ മേഖലയിൽ ഏറ്റെടുക്കണമെന്ന നിർദ്ദേശത്തിന്മേൽ എത്രയുംവേഗം തീരുമാനമെടുക്കുന്നതാണ്.

**(13) കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ്**

ശ്രീ. പി. സി. വിഷ്ണുനാഥ് : ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുള്ള പദ്ധതിയിൽ ചെങ്ങന്നൂർ ഡിപ്പോയും ഉൾപ്പെട്ടിരുന്നുവെങ്കിലും സ്ഥല പരിമിതിയും സാമ്പത്തിക പരാധീനതയും കാരണം തീരുമാനം മാറ്റി വയ്ക്കുകയാണുണ്ടായത്. പ്രസ്തുത ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയാൻ സാധിക്കുമോയെന്ന കാര്യം വീണ്ടും പരിശോധിക്കുന്നതാണ്.

**ക്രമപ്രശ്നം**

**(1) ഓർഡിനൻസ് കൊണ്ടുവരുമെന്ന പ്രഖ്യാപനം**

ശ്രീമതി ഇ. എസ്. ബിജിമോൾ : നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ നിയമസഭാംഗവും കെ.പി.സി.സി. പ്രസിഡന്റുമായ ശ്രീ. രമേശ് ചെന്നിത്തല നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് ഓർഡിനൻസ് കൊണ്ടുവരുമെന്ന് പത്രസമ്മേളനത്തിൽ പറഞ്ഞത് ഓർഡറിലാണോ എന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : നെൽവയൽ-തണ്ണീർത്തടങ്ങൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന സഭയുടെ പൊതുവികാരം ഉൾക്കൊണ്ടുകൊണ്ടാണ് അദ്ദേഹം ഒരു പുതിയ നിയമ നിർമ്മാണത്തെക്കുറിച്ച് സൂചിപ്പിച്ചത്. ഓർഡിനൻസ് കൊണ്ടുവരേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നാണ് ഇത്തരം നടപടിയുണ്ടായതെങ്കിൽ അതിനെ ചോദ്യം ചെയ്യാമെന്നല്ലാതെ ആർക്കും അഭിപ്രായം പറയാൻ പാടില്ല എന്ന് പറയുന്നതിനോട് യോജിക്കാനാവില്ല.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

### (2) വിദ്യാർത്ഥികൾക്ക് മർദ്ദനമേറ്റ സംഭവത്തിന്റെ തുടരന്വേഷണം

ശ്രീ. വി. ശിവൻകുട്ടി : 2012 ജൂൺ 18-ാം തീയതി തിരുവനന്തപുരത്ത് നടന്ന പോലീസ് ലാത്തിച്ചാർജിൽ വിദ്യാർത്ഥികൾക്ക് പരിക്കേറ്റ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇതുസംബന്ധിച്ച് ഡി.ജി.പി. നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നാല് പോലീസുകാർക്കെതിരെ നടപടിയെടുക്കുകയും ഓറൽ എൻക്വയറി നടത്തുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ തിരുവനന്തപുരം സിറ്റി എ.ആർ. ക്യാമ്പിലെ നാല് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ട്.

മി. സ്പീക്കർ: ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ഭക്ഷ്യവിഷബാധ നേരിടുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## അറിയിപ്പ്

മി. സ്പീക്കർ: 05-07-2012-ൽ കൂടിയ കാര്യോപദേശകസമിതി യോഗത്തിൽ അനൗപചാരികമായി എടുത്ത തീരുമാന പ്രകാരം "The Commonwealth Trust, Kozhicode (Acuqisiton and Transfer of Undertaking) Bill 2012," 2012 July 23-ാം തീയതി സഭയിൽ അവതരിപ്പി ക്കുന്നതും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പരിഗണിക്കുന്നതുമാണ്.

## നിയമനിർമ്മാണം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ആരോഗ്യ രക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ പരിഗണനയ്ക്കെടുക്ക ണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

## ക്രമപ്രശ്നം

### ഭരണഘടനാ വിരുദ്ധമായ വ്യവസ്ഥകൾ സംബന്ധിച്ച്

ശ്രീ. മാത്യു. ടി. തോമസ്: ഈ നിയമം കഴിഞ്ഞ 26-08-2010-ൽ ഓർഡിനൻസായികൊണ്ടുവന്നൂവെങ്കിലും സഭയിൽ കൊണ്ടുവന്ന് പാസ്സാക്കാൻ സാധിച്ചില്ല. തുടർന്ന് മൂന്ന് പ്രാവശ്യം ഓർഡിനൻസായി ഇറക്കിയെങ്കിലും 13-07-2011-ൽ ഈ ഓർഡിനൻസ് നിലവിലില്ലാതായി. അന്ന് മുതൽ 2012-ലെ 20-ാം നമ്പർ ഓർഡിനൻസായി ഇറക്കിയ 11-02-2012 വരെയുള്ള കാലഘട്ടത്തിൽ ഈ നിയമം നിലവിലില്ല. ആ കാലഘട്ടത്തിൽ ചെയ്ത പ്രവർത്തിയെ കുറ്റമാണ് എന്ന തരത്തിലുള്ള നിയമനിർമ്മാണം ഭരണഘടനാ വിരുദ്ധമാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഇതിലേക്കായി 8-ാം വകുപ്പിൽ ഔദ്യോഗിക ഭേദഗതി കൊണ്ടുവരുന്നുണ്ട്.

## റൂളിംഗ്

<u>മി. സ്പീക്കർ:</u> ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സഭയിൽ അവതരിപ്പിക്കുന്ന വേളയിലാണ് തടസ്സവാദം ഉന്നയിക്കേണ്ടത്. ബില്ല് പരിഗണനയ്ക്കെടുക്കുന്ന സമയത്ത് തടസ്സവാദം ഉന്നയിക്കുന്ന കീഴ്വഴക്കമില്ല. പക്ഷേ ബില്ലിനകത്ത് ഗുരുതരമായ ഭരണഘടനാ പ്രശ്നം വന്നതുകൊണ്ട് കീഴ്വഴക്കം വിട്ട് ചെയറിന്റെ വിവേചനാധികാരം അനുസരിച്ചാണ് അനുവദിച്ചത്. നിയമവകുപ്പ് ബിൽ ഡ്രാഫ്റ്റ് ചെയ്യുമ്പോൾ ഇത്തരം കാര്യങ്ങളിൽ ജാഗ്രത പാലിക്കാൻ ശ്രദ്ധിക്കണം. ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്ത് നിന്നും 8-ാം വകുപ്പിൽ ഭേദഗതി വന്നിട്ടുള്ളതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ)</u>: കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകർ ഡോക്ടർമാർ മറ്റു ജീവനക്കാർ എന്നിവർക്കുനേരെയും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങൾക്കുനേരെയും നടക്കുന്ന അക്രമവും സ്വത്തിനുള്ള നാശവും തടയുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബില്ലാണിത്. ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും ചികിത്സാ സംബന്ധമായ വിവരങ്ങൾ നൽകുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആരോഗ്യ രക്ഷാസേവന പ്രവർത്തകർക്കോ സ്ഥാപനത്തിനോ സ്വത്തുക്കൾക്കോ നാശനഷ്ടം ഉണ്ടാക്കുന്ന കൃത്യം നിർവഹിക്കുന്നവർക്ക് മൂന്ന് വർഷം തടവും 50,000 രൂപവരെ പിഴയുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. കേടുവരുത്തുന്ന ഉപകരണങ്ങളുടെ ക്രയവിലയുടെ ഇരട്ടി ഈടാക്കാനും

തുക അടച്ചില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ഓർഡിനൻസിലെ പരാതി പരിഹാര സെല്ലിനെക്കുറിച്ച് പരാമർശിക്കുന്ന ആറാം വകുപ്പ് ഒഴിവാക്കിയതിനോട് യോജിക്കാനാവില്ല. ആശുപത്രികൾക്കും ജീവനക്കാർക്കും ഡോക്ടർമാർക്കും സംരക്ഷണം നൽകുന്നതോടൊപ്പം പൊതുജനങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടണം. നിരപരാധികളായ രോഗികളെയും അവരുടെ ബന്ധുക്കളെയും കേസിൽ ഉൾപ്പെടുത്താതിരിക്കുന്നതിനും രോഗികൾക്കാവശ്യമായ ചികിത്സ ലഭ്യമാക്കാത്തതിനെതിരെ നടപടിയെടുക്കുന്നതിനും സ്വകാര്യ ആശുപത്രികളിൽ ക്വാളിഫൈഡായവരെ നിയമിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണം. എൻ.ആർ.എച്ച്.എം. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. ഡോക്ടർമാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ കഴിയുന്നില്ല. സർക്കാർ ആശുപത്രികളെയും ആരോഗ്യരക്ഷാ പ്രവർത്തനങ്ങളേയും രോഗ പ്രതിരോധ പ്രവർത്തനങ്ങളേയും ശക്തിപ്പെടുത്തിക്കൊണ്ട് സമഗ്രമായ പൊതുജനാരോഗ്യ നയം നടപ്പിലാക്കണം. രോഗികളെ ചൂഷണം ചെയ്യുന്നതൊഴിവാക്കി കുറ്റമറ്റ രീതിയിലുള്ള നിയമം കൊണ്ടുവരണം.

ശ്രീ. കെ. ദാസൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും സുരക്ഷ മാത്രമാണ് ഈ ബില്ലിൽ പരാമർശിക്കുന്നത്. സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനവും പരിചരണവും രോഗികൾക്ക് സമയത്ത് ലഭിക്കാത്തതുംമൂലമാണ് സംഘർഷം ഉണ്ടാകുന്നത്.

അത്തരം അന്തരീക്ഷം ഒഴിവാക്കാനുള്ള നടപടികളുണ്ടാകണം. ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താനാവശ്യമായ നടപടി സ്വീകരിക്കണം. സർക്കാർ ആശുപത്രികളിൽ ആധുനിക ചികിത്സാ സംവിധാനം ഏർപ്പെടുത്തണം. പുത്തൻ തലമുറ രോഗങ്ങളും ജീവിതശൈലി രോഗങ്ങളും പകർച്ച വ്യാധികളും തടയാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ അടിസ്ഥാനത്തിൽ മാത്രം ആരോഗ്യ പരിപാലനം നടക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാകണം. ആശുപത്രികളിൽ അണുബാധ തടയുന്നതിനും അണുബാധയുണ്ടോയെന്ന് പരിശോധിക്കുന്നതിനുമുള്ള സംവിധാനം കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ചികിത്സാവീഴ്ച്ചകൾ പരിഹരിക്കുന്നതിനായുള്ള പരാതി പരിഹാര സെല്ലിനെക്കുറിച്ച് പ്രതിപാദിച്ചിരുന്ന 6-ാം വകുപ്പ് ഒഴിവാക്കിയിരിക്കുന്നത് പ്രതിഷേധാർഹമാണ്. തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ അമ്മയും കുഞ്ഞും മരിക്കാനിടയായത് ഡോക്ടർമാരുടെ അനാസ്ഥകൊണ്ടാണെന്നത് വ്യക്തമാണ്. ഓരോ പൗരന്റേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. ആശുപത്രികളുമായി ബന്ധപ്പെട്ട് നടക്കുന്ന അനധികൃത പ്രവർത്തനങ്ങൾ തടയുന്നതിനോടൊപ്പം രോഗി-നഴ്സ് അനുപാതം കൃത്യമായി പാലിക്കേണ്ടതുമാണ്. രോഗികളുടെ ബന്ധുക്കൾക്ക് പരാതിയുണ്ടാകുമ്പോൾമാത്രം ശിക്ഷാനടപടിയുണ്ടാകുന്നത് ശരിയല്ല. ഏതെങ്കിലും ആരോഗ്യ രക്ഷാ സേവന സ്ഥാപനത്തിൽ കർത്തവ്യനിർവ്വഹണത്തിലിരിക്കുന്ന സേവന പ്രവർത്തകന് ഹാനിയോ പരിക്കോ ഉണ്ടാക്കുന്നത് എന്ന പ്രയോഗത്തോടും വിയോജിക്കുന്നു.

ശ്രീ. എം.പി. വിൻസെന്റ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ആരോഗ്യരക്ഷാ സേവനപ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആശുപത്രികൾക്കും ഡോക്ടർമാർക്കും എതിരെയുള്ള അക്രമങ്ങൾ തടയാനും ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താനും ബില്ലിൽ വ്യവസ്ഥ ചെയ്യണം. ഡോക്ടർമാരുടെ പെരുമാറ്റത്തെക്കുറിച്ചും ആശുപത്രികളിലെ ഉത്തരവാദിത്വത്തെക്കുറിച്ചും ബില്ലിൽ ഉൾക്കൊള്ളിക്കണം. മെഡിക്കൽ സേവനരംഗത്തെ പാകപ്പിഴ കൾക്ക് കർശന നിയന്ത്രണം ആവശ്യമാണ്.

ശ്രീ. കെ.കെ. നാരായണൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ആരോഗ്യരക്ഷാ സേവനപ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ വീണ്ടും അതേ സബ്ജകട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന കരട് ബില്ലിന്റെ പ്രധാനപ്പെട്ട ഭാഗം ഒഴിവാക്കിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും സ്ഥാപനങ്ങൾക്കും സംരക്ഷണം കൊടുക്കണമെന്ന ബില്ലിന്റെ ഉദ്ദേശത്തെ അംഗീകരിക്കുന്നു. സെക്യൂരിറ്റി സ്റ്റാഫിന്റേയും രോഗികളുടേയും പരിരക്ഷയും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. മരുന്നുകൾക്ക് ക്ഷാമം നേരിടുന്ന അവസ്ഥയിലും ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ഭാഗമായി കേന്ദ്രം അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടില്ല. സ്വകാര്യ

ആശുപത്രികളിലെ നഴ്സുമാരുടെ യാതനയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : ഈ ബില്ലിൽ പരാതി പരിഹാര സംവിധാനം ആവശ്യമില്ലാത്തതിനാലാണ് 6-ാം വകുപ്പ് ഒഴിവാക്കിയത്. ആശുപത്രികളിൽ രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് ആവശ്യമായ നിയമങ്ങളും നടപടികളും കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയാനുള്ള നിയമമാണിത്. സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള ഒരു ബൃഹത്തായ നിയമം 'ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്' അടുത്ത സമ്മേളനത്തിൽ അവതരിപ്പിക്കാനുള്ള ശ്രമത്തിലാണ്. 1961-ലെ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ 250 നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിൽ 250 ഡോക്ടർമാരേയും 600-റോളം നഴ്സുമാരേയും ഘട്ടംഘട്ടമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പകർച്ച വ്യാധികൾ തടയാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതാണ്. കേന്ദ്രഗവൺമെന്റ് നൽകുന്ന എൻ.ആർ.എച്ച്.എം. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്.എ.ടി. ആശുപത്രിയിൽ അണുബാധമൂലം 14 നവജാതശിശുക്കൾ മരിക്കാനിടയായ സാഹചര്യത്തെപ്പറ്റി അന്വേഷിക്കുന്നതിന് ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവുംതടയൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

119, 120, 122, 123, 125, 126,133, 138, 141, 144 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

133-ാം നമ്പർ ഭേദഗതി 41-നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>3-ാം വകുപ്പ്</u>

149, 150 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>4-ാം വകുപ്പ്</u>

151, 152, 153, 154, 155, 156, 157 എന്നീ നമ്പർ ഭേഗതികൾ അവതരിപ്പിച്ചു

<u>6-ാം വകുപ്പ്</u>

161, 162, 163, 164, 165, 167 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

165-ാം നമ്പർ ഭേദഗതി 41-നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>6-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്</u>

168-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): ഭേദഗതി സ്വീകാര്യമല്ല.

168-ാം നമ്പർ ഭേദഗതി 41-നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>8-ാം വകുപ്പ്</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. ശിവകുമാർ</u>): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(169) ഖണ്ഡം 8-ൽ (2)-ാം ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2011 ജൂലൈ 13-ാം തീയതി മുതൽ 2012 ഫെബ്രുവരി 11-ാം തീയതി വരെയുള്ള കാലയളവിൽ ഈ ആക്റ്റിൻ കീഴിൽ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളേയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല."

169-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

**<u>1-ാം വകുപ്പും പീഠികയും പേരും</u>**

109, 110, 111, 112, 113, 116, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. ദിവാകരൻ: എൽ.ഡി.എഫ്. സർക്കാർ ഓർഡിനൻസായി കൊണ്ടുവന്ന ഈ ബിൽ പാസ്സാക്കുന്ന സമയത്ത് അതിലെ സുപ്രധാന വകുപ്പുകളെല്ലാം ഒഴിവാക്കി ആർക്കും പ്രയോജനപ്പെടാത്ത രീതിയിലാക്കിയിരിക്കുകയാണ്. രോഗികൾക്ക് പരാതി കൊടുക്കാൻ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലിനെ സമീപിക്കണമെന്ന് പറയുന്നത് നിർഭാഗ്യകരമാണ്.

2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## ചട്ടം 58 പ്രകാരമുള്ള ചർച്ച

### സദാചാര പോലീസിന്റെ പേരിലുള്ള അതിക്രമങ്ങൾ

ശ്രീ കോടിയേരി ബാലകൃഷ്ണനുവേണ്ടി (ശ്രീ. എ.കെ. ബാലൻ): സദാചാര പോലീസ് എന്ന പേരിൽ ചില തീവ്രവാദ സംഘടനകൾ സംസ്ഥാനത്ത് നടത്തുന്ന വർഗ്ഗീയ സ്വഭാവമുള്ള അസ്വാസ്ഥ്യങ്ങളും അതിക്രമങ്ങളും

സംബന്ധിച്ച് സഭ ചർച്ച ചെയ്യണം എന്നാവശ്യപ്പെടുന്നു. സദാചാര പോലീസിന്റെ പേരിൽ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അക്രമം നിയന്ത്രിക്കണം. പോലീസിന് ഇതിലിടപെടാൻ പരിമിതികളുണ്ട്. ഭരണകർത്താക്കൾ മതമൗലിക തീവ്രവാദികൾക്ക് കീഴടങ്ങാൻ പാടില്ല. ഗുണ്ടാ ആക്ട് ഉപയോഗിച്ച് ഇതിനെ നേരിടണം. ഒരു രൂപത്തിലുമുള്ള രാഷ്ട്രീയ സംരക്ഷണവും ഇവർക്ക് നൽകാൻ പാടില്ല. മാധ്യമങ്ങളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

<u>ശ്രീ. കെ. മുരളീധരൻ:</u> സദാചാര പോലീസിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കണം. ഭൂരിപക്ഷ-ന്യൂനപക്ഷ വർഗ്ഗീയതകളെ സമൂഹത്തിൽ ഒറ്റപ്പെടുത്തണം. മണൽ മാഫിയകളുമായും ഗുണ്ടാസംഘങ്ങളുമായും ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. സദാചാര പോലീസിന്റെ പേരിൽ നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങളും അക്രമ പ്രവർത്തനങ്ങളും തടയാൻ നടപടി സ്വീകരിക്കണം. അക്രമവാസനകളുള്ളവരെ ഒറ്റപ്പെടുത്താൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുന്നോട്ടുവരണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സദാചാര പോലീസ് ഗൗരവതരമായ പ്രശ്നങ്ങളാണ് സമൂഹത്തിൽ സൃഷ്ടിക്കുന്നത്. അവരുടെ ആക്രമണത്തിന് ഇരയാകുന്നവർ പോലീസിൽ പരാതിപ്പെടാൻപോലും ഭയപ്പെടുന്ന അവസ്ഥയാണിന്നുള്ളത്. സർവ്വകക്ഷി ഐക്യമുണ്ടാക്കി സദാചാര പോലീസിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ കഴിയണം. ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും സ്വൈരജീവിതത്തിനും ഭീഷണി ഉയർത്തുന്ന ഈ വിഭാഗത്തെ ഗുണ്ടാലിസ്റ്റിൽപ്പെടുത്തി ശക്തമായ നടപടി എടുക്കണം. ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ പോലീസ് സ്വീകരിക്കുന്ന നിലപാട് എന്താണെന്ന് വ്യക്തമാക്കണം. ഗവൺമെന്റ് ഇക്കാര്യത്തിൽ ഗൗരവമായി ഇടപെടണം.

ശ്രീ. കെ. എൻ. എ. ഖാദർ: സദാചാര പോലീസ് എന്ന പദപ്രയോഗം നിറുത്തലാക്കണം. ഇതിന് സാമുദായിക നിറം കൊടുക്കുന്നത് ശരിയല്ല. സദാചാര പോലീസിന്റെ പേരിൽ നടത്തുന്ന അക്രമ പ്രവർത്തനങ്ങളെ നിയമ പരമായി നേരിടണം. ആക്രമണോത്സുകത സമൂഹത്തിൽ നിന്ന് തുടച്ചു നീക്കണം. ഇതിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തണം.

ശ്രീമതി ജമീലാ പ്രകാശം: സദാചാരത്തിന്റെ പേരിൽ കണ്ണിൽപ്പെടു ന്നവരെ ആക്രമിക്കാമെന്ന ലക്ഷ്യവുമായിട്ടിറങ്ങിയിരിക്കുന്ന സാമൂഹ്യ വിരുദ്ധരുടെ കൂട്ടായ്മയാണ് സദാചാര പോലീസ്. സദാചാര പോലീസിന്റെ അതിക്രമങ്ങൾ അമർച്ച ചെയ്യാൻ കഴിയണം. സ്ത്രീകളുടെ സ്വാതന്ത്ര്യ ത്തേയും സ്വാഭിമാനത്തെയും പുരോഗതിയെയും സ്വാശ്രയത്വത്തെയും ചോദ്യം ചെയ്യുന്നവിധം അക്രമം ചെയ്യുന്നവരെ അമർച്ച ചെയ്യാൻ കഴിയണം. സദാചാര പോലീസിനെ നിയന്ത്രിക്കണം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സദാചാര പോലീസിന്റെ പ്രവർത്തനങ്ങൾക്കെതിരെയുള്ള സഭയുടെ വികാരത്തോട് യോജിക്കുന്നു. സദാചാര പോലീസ് ചമഞ്ഞെത്തുന്നവർ രാഷ്ടീയ പാർട്ടികളുടേയോ മതവി ഭാഗത്തിന്റെയോ ആളുകളായിരിക്കണമെന്നില്ല. കേരളത്തിൽ മാഫിയാ സംസ്ക്കാരം വളർന്നുവരുന്നതിനോട് യോജിക്കാൻ കഴിയില്ല. സദാചാര പോലീസിനെ നിലയ്ക്കുനിറുത്താനുള്ള നടപടികളുമായി മുന്നോട്ടു പോകണം.

ശ്രീ. എ. പ്രദീപ് കുമാർ: സദാചാര പോലീസിന്റെ ആവിർഭാവത്തെ ക്കുറിച്ചും അനഭിലഷണീയ പ്രവണതകളെക്കുറിച്ചും പഠിക്കാൻ സാമൂഹ്യ ശാസ്ത്രജ്ഞർ അടങ്ങുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിക്കണം. മിശ്ര വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാൻ കഴിയുംവിധം നിയമത്തിൽ

മാറ്റംവരുത്തി ഉത്തരവിറക്കാൻ കഴിയണം. സദാചാര പോലീസിന്റെ പ്രവർത്തനത്തിനെതിരെ സാമൂഹികമായ ബോധവൽക്കരണം നടത്തുന്നതോടൊപ്പം ശക്തമായ നിയമ നടപടികളും ഉണ്ടാകണം. ഈ വിഭാഗം സൃഷ്ടിക്കുന്ന സദാചാര പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. കോഴിക്കോട് ജില്ലാ പഞ്ചായത്ത് മെമ്പറോട് അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് അന്വേഷണം നടത്തണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച അംഗങ്ങൾ സദാചാര പോലീസ് എന്ന ആശയത്തോട് പൂർണ്ണമായും വിയോജിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സദാചാര പോലീസ് അവർക്കിഷ്ടമില്ലാത്ത നടപടികൾക്കെതിരെ അക്രമ പ്രവർത്തനങ്ങൾ നടത്തുകയാണ്. ഇത്തരക്കാരെ കുറ്റവാളികളായി കണക്കാക്കി നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. കവടിയാറിൽനിന്ന് യുവാവിനെ തട്ടിക്കൊണ്ടുപോയ കേസിൽ രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. യുവതിയെ അപമാനിച്ച കേസിൽ സർക്കിൾ ഇൻസ്പെക്ടറെ ഡിപ്പാർട്ട്മെന്റിൽനിന്നും സസ്പെന്റ് ചെയ്തുവെങ്കിലും കോടതി ജാമ്യം അനുവദിക്കുകയുണ്ടായി. ഇക്കാര്യങ്ങൾ ഗവൺമെന്റ് ഗൗരവത്തോടെ കാണുകയും വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിക്കുന്നതുമാണ്. അക്രമ പ്രവർത്തനങ്ങളുടെ പ്രഭവസ്ഥാനം കണ്ടെത്തി പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതാണ്. സഭയുടെ പൊതുവികാരത്തോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഗവൺമെന്റിന്റെ നടപടികളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)